നല്കുന്നില്ല. അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി 65 വയസ്സ് കഴിഞ്ഞ, വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങൾക്ക് നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുതായി 22 വിഭാഗങ്ങളെ 2 രൂപ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ മുഴുവൻ ബി.പി.എൽ/എ.എ.വൈ. കാർഡുടമകൾക്കും പുറമെ എ.പി.എൽ. വിഭാഗത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം, എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയതൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അർഹതപ്പെട്ട റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഒറ്റയ്ക്കും പോലീസ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് /താലൂക്ക്/ ജില്ലാ/ സംസ്ഥാനതല, ഭക്ഷ്യോപദേശക വിജിലൻസ് സമിതിയിൽ റേഷൻ സംവിധാനം നിരീക്ഷിച്ചു വരുന്നുണ്ട്. റേഷൻ വ്യാപാരികൾക്ക് നൽകി വന്നിരുന്ന കമ്മീഷൻ 1-6-2009 മുതൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് 6 രൂപയും ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് 9 രൂപയും വീതം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കമ്മീഷൻ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം

21(*171) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ :
ശ്രീ എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ പൗൾട്രി ക്ലബ്ബുകൾ മുഖേന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഡി) എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതിമൂലം മുട്ട ഉല്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് പ്രതീക്ഷിക്കുന്നു ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) തിരുവനന്തപുരം-കുടപ്പനക്കുന്നിൽ അടച്ചുപൂട്ടിയിരുന്ന സംസ്ഥാനത്തെ ഏക ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് ആധുനിക സംവിധാനങ്ങളോടെയുള്ള ഹൈടെക്ക് ഫാമാക്കി പ്രവർത്തനം തുടങ്ങി. അവിടെ മാലിന്യ സംസ്ക്കരണത്തിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ബയോഗ്യാസ് സംസ്ക്കരണ പ്ലാന്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിച്ച് 127 വിളക്കുകൾ കത്തിക്കുകയും ചെയ്യുന്നു. ഈ ഫാമിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും, തീറ്റയും കർഷകർക്ക് നൽകി വളർത്തുന്ന ഇന്റഗ്രേഷൻ സംവിധാനം വിപുലപ്പെടുത്തി. മാരിനേറ്റഡ് ചിക്കൻ, ചിക്കൻ സോസേജ്, കട്ലറ്റ്, ബോൺലെസ്സ് ചിക്കൻ തുടങ്ങിയ വൈവിധ്യവൽക്കരിച്ച ഉൽപ്പന്നങ്ങളെ വിപണിയിൽ ടെസ്റ്റ് ലോഞ്ചിംഗ് നടത്തി അതിന്റെ വ്യാവസായിക ഉല്പാദനം തുടങ്ങി. കൊട്ടിയം ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണം 5600 ആയി വർദ്ധിപ്പിച്ചു. പേരൂർക്കടയിലും, കരമനയിലും പുതിയ "കെപ്കോ" ഔട്ട്ലെറ്റുകൾ സ്ഥാപിച്ചു. തിരുവനന്തപുരത്ത് സഞ്ചരിക്കുന്ന രണ്ട് "കെപ്കോ" വിപണന സ്റ്റാളുകൾ ആരംഭിച്ചു. വർഷങ്ങളായി തരിശായികിടന്ന തൃശ്ശൂരിലെ മാളയിലുള്ള 5 ഏക്കർ സ്ഥലത്ത് പുതുതായി ഒരു ഹൈടെക്ക് കോഴിവളർത്തൽ കേന്ദ്രം തുടങ്ങി. തിരുവനന്തപുരം-പേട്ടയിൽ പൗൾട്രി കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചു. അവിടെ 25 ടൺ സംഭരണ ശേഷിയുള്ള വാക്ക്-ഇൻ-ഫ്രീസർ സ്ഥാപിച്ചു. ഒറ്റ ഷിഫ്റ്റിൽ 16 ടൺ തീറ്റ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള കോഴിത്തീറ്റ പ്ലാന്റ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചു. അവിടെ പുതുതായി നവീന രീതിയിലുള്ള താറാവ് വളർത്തൽ കേന്ദ്രം ആരംഭിച്ചു. ഫീഡ് അനലിറ്റിക്കൽ ലാബ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പുതുതായി സ്ഥാപിച്ചു. തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലും പുതുതായി ഹാച്ചറികൾ സ്ഥാപിച്ചു. കൊട്ടിയം ലെയർ ബ്രീഡിംഗ് ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണവും കോഴിക്കുഞ്ഞുങ്ങളുടെ ഉൽപാദനവും വർദ്ധിപ്പിച്ചു.

(ബി) പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(1) ഗ്രാമം നിറയെ കോഴികൾ

(2) കോഴി വളർത്തൽ ഗ്രാമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(3) വീട്ടമ്മയുടെ അരുമക്കോഴികൾ

(4) കെപ്കോ ഗ്രാമങ്ങൾ

(5) കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് (സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ)

(സി) ഈ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 3 കോഴി, 3 കീലോ തീറ്റ, 25 രൂപയുടെ മരുന്ന് എന്നിവ തികച്ചും സൗജന്യമായി വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ (സർക്കാർ, എയ്ഡഡ്) സ്ക്കൂളുകളിലെ ഹൈസ്ക്കൂൾ വിഭാഗത്തിൽ 8, 9 ക്ലാസുകളിലേയും, അപ്പർ പ്രൈമറി വിഭാഗത്തിൽ നിന്നും 6, 7 ക്ലാസുകളിലേയും കുട്ടികളെയാണ് ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്. സ്ക്കൂളിന്റെ മേലധികാരിയും, അദ്ധ്യാപക-രക്ഷാകർതൃ സംഘടനയുടെ പ്രതിനിധിയും പ്രദേശത്തെ വെറ്ററിനറി സർജ്ജനും, സ്ക്കൂളിലെ പൗൾട്രി ക്ലബ്ബിന്റെ ഉത്തരവാദിത്തമുള്ള അധ്യാപകനും, പൗൾട്രി വികസന കോർപ്പറേഷന്റെ പ്രോഗ്രാം കോർഡിനേറ്ററും അടങ്ങുന്ന കമ്മിറ്റിയാണ് ഈ പദ്ധതി അവലോകനം ചെയ്യുന്നത്.

(ഡി) 50,000 ഗുണഭോക്താക്കളായ കുട്ടികൾക്ക് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

(ഇ) ഏകദേശം 3 കോടി മുട്ടയുടെ അധിക ഉൽപാദനം ഈ പദ്ധതിമൂലം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ മാർഗ്ഗമുള്ള ചരക്കുനീക്കം

22(*172) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡ് ട്രാഫിക് ഒഴിവാക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ മാർഗ്ഗം ചരക്കു നീക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കൊല്ലത്തുനിന്നും ബേപ്പൂരിൽ നിന്നും ലക്ഷദ്വീപിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) കൊല്ലം തുറമുഖത്തിന്റെ പ്രവർത്തങ്ങൾ സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly